## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 741 20.03.2013-ൽ മറുപടിയ്ക്ക്

### ആരോഗ്യ വകുപ്പിലെ സ്ഥലംമാറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. ബി. ഡി. ദേവസ്സി<br>ഡോ. കെ. ടി. ജലീൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ വർക്ക് അറേഞ്ച്മെന്റിന്റെ പേരിൽ കോഴ വാങ്ങി സ്ഥലം മാറ്റം നടത്തുന്നതായി മാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനെ തുടർന്ന് 18/2/2013 തീയതിയിലെ സ.ഉ.(സാധാ) നം. 538/2013 ആകുവ പ്രകാരം ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദു ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ഥലം മാറ്റത്തിനായി നിയമ വിരുദ്ധമായി ഇടപെടലുകൾ നടത്തിയതു കൊണ്ട് ഏതെങ്കിലും സംഘടനാ നേതാക്കളെ സ്ഥലം മാറ്റുകയുണ്ടായോ; | (ബി) | സ്ഥലം മാറ്റത്തിനായി നിയമവിരുദ്ധ ഇടപെടലുകൾ നടത്തി എന്ന കാരണം കൊണ്ട് ആരെയും സ്ഥലം മാറ്റുകയുണ്ടായില്ല. |
| (സി) | ഈ ഉത്തരവുകൾ നടപ്പിലായോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ? | (സി) | 18/2/2013 ലെ സ.ഉ.(സാധാ) നം. 538/2013/ആ.കു.വ പ്രകാരമുള്ള തുടർ നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ